**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2575** **15-10-2024 - ൽ മറുപടിയ്ക്ക്**

**മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തുറമുഖങ്ങളുടെ പരിപാലനത്തിനും തുറമുഖത്തെത്തുന്ന യാനങ്ങൾക്കാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും മാരിടൈം ബോർഡ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള മാരിടൈം ബോർഡിന്റെ കീഴിൽ നിലവിൽ വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ നാല് തുറമുഖങ്ങളാണ് പ്രവർത്തന സജ്ജമായിട്ടുള്ളത്. യാനങ്ങൾ അടുപ്പിക്കുന്നതിനാവശ്യമായ ക്രെയിൻ, വാർഫ്, മറ്റു യന്ത്ര സാമഗ്രികൾ തുടങ്ങിയവ ഈ തുറമുഖങ്ങളിൽ ലഭ്യമാണ്. ഈ നാല് തുറമുഖങ്ങളിലും അന്താരാഷ്ട്ര കപ്പൽ അടുക്കുന്നതിനാവശ്യമായ ഐ.എസ്.പി.എസ്. കോഡ് ലഭ്യമായിട്ടുണ്ട്. വിഴിഞ്ഞം, ബേപ്പൂർ, കൊല്ലം തുറമുഖങ്ങൾക്ക് കസ്റ്റംസ് നോട്ടിഫൈഡ് ICP സ്റ്റാറ്റസും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ഈ നാല് തുറമുഖങ്ങളിലും അന്താരാഷ്ട്ര ചരക്ക്/പാസഞ്ചർ കപ്പലുകൾ അടുക്കുന്നതിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ട്. |
| (ബി) | വിഴിഞ്ഞം തുറമുഖത്തിന്റെ ഇന്നർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിംഗ് സൗകര്യം നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. ഇന്നർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിംഗ് നടത്തുന്നതിനാവശ്യമായ കേന്ദ്രാനുമതി വിഴിഞ്ഞം തുറമുഖത്തിന് ലഭ്യമായിട്ടുണ്ട്. |
| (സി) | ഔട്ടർ ആങ്കറേജിലുള്ള ക്രൂ ചെയിഞ്ചിംഗ് സൗകര്യം പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി സംസ്ഥാനം നടത്തിയിട്ടുള്ള ഇടപെടലുകൾ സംബന്ധിച്ച് വിശദീകരിക്കുമോ; | (സി) | ഇല്ല. ഔട്ടർ ആങ്കറേജിലുള്ള ക്രൂ ചെയ്ഞ്ചിങ് സൗകര്യം പുനരാരംഭിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട്, ബോർഡിന്റെ ഭാഗത്ത് നിന്നും സർക്കാരിന്റെ ഭാഗത്തുനിന്നും മുഖ്യമന്ത്രി തലത്തിൽ നിന്നും കേന്ദ്രസർക്കാരിന് കത്തുകൾ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. ഔട്ടർ ആങ്കറേജിൽ ക്രൂ ചെയ്ഞ്ചിങ് പുനരാരംഭിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്റ്റീമർ ഏജൻസ് അസോസിയേഷൻ, വിഴിഞ്ഞം ഫയൽ ചെയ്ത ഒരു കേസ് ബഹു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) | ഔട്ടർ ആങ്കറേജിൽ ക്രൂ ചെയിഞ്ചിംഗ് സൗകര്യം പുനരാരംഭിക്കുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് | (ഡി) | ഔട്ടർ ആങ്കറേജിൽ ക്രൂ ചെയ്ഞ്ചിങ് സൗകര്യം കോവിഡ് സമയത്ത് നൽകിയ പ്രത്യേക |

| | | | |
|---|---|---|---|
| | നിലവിലുള്ളത്; ഇമിഗ്രേഷൻ ബ്യൂറോയുടെ തീരുമാനത്തിന് പിന്നിൽ നിയമപരമായ എന്തെങ്കിലും കാരണങ്ങൾ ഉള്ളതായി അറിയിച്ചിരുന്നോ; വിശദമാക്കുമോ? | | അനുമതിയാണെന്നും അത് പുനരാരംഭിക്കുന്നത് വിസ നിയമങ്ങൾക്ക് വിരുദ്ധമാണെന്നുമാണ് കേന്ദ്രസർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ